**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3017** **25-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി കരാറുകാർക്ക് കുടിശിക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ കരാറുകാർക്ക് നൽകാനുള്ള തുക അനുവദിച്ച് എത്രയും വേഗം പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ₹44714.80 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. ജലജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരം, പദ്ധതി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതുണ്ട്. 2024-25 വർഷത്തിൽ കേന്ദ്ര സർക്കാർ ₹1949.36 കോടി രൂപയാണ് കേരള സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്. അതിന്റെ ആദ്യ ഗഡു ആയ ₹292.40 കോടി രൂപ ലഭിക്കുകയും ആയത് കരാറുകാർക്ക് സീനിയോറിറ്റി പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതത്തിന്റെ ആദ്യ ഗഡു ₹285.58 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറക്ക് കരാറുകാർക്ക് നൽകാനുള്ള തുക നൽകി എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ